# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5635 02.07.2014 ൽ മറുപടിക്ക്

**പുകയില ഉപയോഗത്തിന്റെ നിയന്ത്രണം**

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള : | | മറുപടി<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊതുജനാരോഗ്യപ്രശ്നത്തിലുപരി പുകയില ഉപയോഗം സാമൂഹ്യഅനീതിയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പുകയില ഉപയോഗിക്കാൻ ജനങ്ങൾക്ക് സ്വാതന്ത്ര്യം കൊടുക്കുന്നതും മരണകാരണമായ രോഗങ്ങളിലേക്ക് അവരെ നയിക്കുന്നതും സാമൂഹ്യഅനീതിയാണെന്ന കാരണത്താൽ അത് തടയാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) | വിദ്യാഭ്യാസം, ആരോഗ്യം, ഫുഡ് ആന്റ് സേഫ്റ്റി, ആഭ്യന്തരം, കുടുംബശ്രീ തുടങ്ങിയ വിവിധങ്ങളായ വകുപ്പുകളുടെ മേൽനോട്ടത്തിൽ പലവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആരോഗ്യ വകുപ്പിന് കീഴിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. 1. പുകയില വിമുക്ത ഭവനങ്ങൾ/വാർഡുകൾ, 2. പുകയില വിമുക്ത തൊഴിലിടങ്ങൾ, 3. പുകയില വിമുക്ത വിദ്യാലയങ്ങൾ. കൂടാതെ പുകയിലയുടെ അനധികൃത വ്യാപാരങ്ങൾക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ജനമൈത്രി പോലീസ് പദ്ധതി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി എന്നിവയുടെ സഹായത്തോടെ ഇത്തരം വ്യാപാരം നടത്തുന്ന സ്ഥലങ്ങളിൽ റെയ്ഡുകൾ നടത്തി പുകയില/പുകയില ഉൽപ്പന്നങ്ങൾ പിടിച്ചെടുത്ത് കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഭക്ഷ്യസുരക്ഷാ കമ്മിഷണറുടെ 22.05.12 ലെ അ/1327/12-ാം നമ്പർ ഉത്തരവ് പ്രകാരം പുകയിലയും നിക്കോട്ടിനും അടങ്ങിയ പാൻമസാല, ഗുഡ്ക തുടങ്ങിയവയുടെ ഉൽപാദനവും, വിതരണവും, വിൽപ്പനയും സംസ്ഥാനത്ത് പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. |

Manjith

സെക്ഷൻ ഓഫീസർ